LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ ലക്ഷ്യമിട്ട പദ്ധതി ചെലവും പദ്ധതി ഇതര ചെലവും

156 (3310) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ലക്ഷ്യമിട്ട പദ്ധതി ചെലവിലും പദ്ധതി ഇതര ചെലവിലും എത്ര ശതമാനം വീതം ചെലവഴിക്കാതിരുന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഏറ്റവും കൂടുതൽ ശതമാനം ചെലവഴിക്കൽ നടന്നിട്ടില്ലാത്ത അഞ്ച് പദ്ധതി ചെലവ് മേഖല ഏതൊക്കെയായിരുന്നു; ഈ പദ്ധതികൾക്ക് ലക്ഷ്യമിട്ടിരുന്ന തുക എത്ര; ചെലവഴിക്കാൻ കഴിയാതിരുന്ന തുകയുടെ ശതമാനവും തുകയും എത്ര; വ്യക്തമാക്കുമോ;

(സി) ലക്ഷ്യമിട്ട നികുതികൾ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടായിരുന്നെങ്കിൽ പദ്ധതി ചെലവ് നൂറ് ശതമാനവും നടപ്പിലാക്കുവാൻ സാധിക്കുമായിരുന്നുവോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ലക്ഷ്യമിട്ട പദ്ധതി ചെലവിൽ 40.97 ശതമാനവും പദ്ധതി ഇതര ചെലവിൽ 8.13 ശതമാനവും ചെലവഴിക്കാതിരുന്നിട്ടുണ്ട്.

(ബി) പദ്ധതി ചെലവ് സംബന്ധിച്ച വകുപ്പ് തിരിച്ചുള്ള കണക്കുകളാണ് ലഭ്യമായിട്ടുള്ളത്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ ശതമാനം ചെലവഴിക്കൽ നടന്നിട്ടില്ലാത്ത അഞ്ച് വകുപ്പുകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.

(സി) ഇല്ല. ഭരണാനുമതി, സാങ്കേതികാനുമതി, പാരിസ്ഥിതികാനുമതി, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ ഘടകങ്ങൾ പദ്ധതി നിർവ്വഹണത്തെ സ്വാധീനിക്കുന്നുണ്ട്.

സർക്കാർ സർവ്വീസിലെ തസ്തികകൾ സംബന്ധിച്ച പഠനം

157 (3311) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ തസ്തികകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ധനവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിൽ എത്ര തസ്തികകളാണ് മിച്ചമായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) മന്ത്രിസഭാ തീരുമാനപ്രകാരം പുറപ്പെടുവിച്ച 19-9-2014-ലെ സ.ഉ.(പി) നമ്പർ 400/2014/ധന ഉത്തരവുപ്രകാരം വിവിധ വകുപ്പുകളിൽ കണ്ടെത്തിയ 30000 ത്തോളം താൽക്കാലിക തസ്തികകളിൽ 25% നിർത്തലാക്കാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ വെളിച്ചത്തിൽ നടത്തിയ പഠന റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാനുള്ള അന്തിമ ഘട്ടത്തിലാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ജീവനക്കാർക്കുള്ള കുടുംബ പെൻഷൻ പദ്ധതി

158 (3312) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള കുടുംബപെൻഷൻ പദ്ധതി എന്നു മുതലാണ് നടപ്പിലാക്കി തുടങ്ങിയത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാർ സർവ്വീസിലുണ്ടായിരുന്നവരുടെ ആശ്രിതർക്ക് ഏതു തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങളാണ് നൽകിയിരുന്നതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ചുള്ള വിശദവിവരങ്ങളും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനായി ആശ്രിതർ ആർക്ക് അപേക്ഷ നൽകണമെന്നും അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകൾ സമർപ്പിക്കണമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.ഒ.(പി) നമ്പർ 269/64/ധന. തീയതി 13-5-1964 എന്ന ഉത്തരവ് മുഖേന 1-4-1964 മുതലാണ് ഈ പദ്ധതി പ്രാബല്യത്തിൽ വന്നത്.

(ബി) കോൺട്രിബ്യൂട്ടറി ഫാമിലി പെൻഷൻ സ്കീം 1964 ൽ നിലവിൽ വരുന്നതിന് മുമ്പ് നോൺ കോൺട്രിബ്യൂട്ടറി ഫാമിലി പെൻഷൻ സ്കീം എന്ന പേരിൽ ഒരു കുടുംബ പെൻഷൻ പദ്ധതി നിലവിലുണ്ടായിരുന്നു.

(സി) ബന്ധപ്പെട്ട രേഖകൾ സഹിതം പെൻഷണർ അവസാനം ജോലി ചെയ്ത ആഫീസ് മേലധികാരി മുഖേന അക്കൗണ്ടന്റ് ജനറലിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓരോതരം ആശ്രിതർക്കും പ്രത്യേക തരത്തിലുള്ള ഫോമുകളും അനുബന്ധ രേഖകളുമാണ് സമർപ്പിക്കേണ്ടത്. ഇത് ചട്ടം 90 ഭാഗം III കെ. എസ്. ആർ.-ൽ വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly